"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - പ്ലാൻ ഫണ്ട് 2025-26 - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്) - 'Remodeling the open terrace at IMHANS to an Auditorium' എന്ന പ്രവൃത്തിയുടെ രണ്ടാം പാർട്ട് ബിൽ തുക തീർപ്പാക്കുന്നതിന് ആവശ്യമായ തുക അനുവദിച്ച് - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1627/2025/H&FWD തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.727/2024/ആ.കു.വ. തീയതി 12.03.2024
2. സ.ഉ.(സാധാ)നം.560/2025/ആ.കു.വ. തീയതി 26.02.2025
3. ഇംഹാൻസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ലഭ്യമാക്കിയ 22.05.2025 തീയതിയിലെ 216/2024/ഇംഹാൻസ് നമ്പർ കത്ത്
4. കേരള പോലീസ് ഹൗസിംങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 19.05.2025 തീയതിയിലെ പി.ഇ.2/1334/കെ.പി.എച്ച്.സി.സി./2024 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്)-യിൽ 'Remodeling the open terrace at IMHANS to an Auditorium' എന്ന പ്രവൃത്തി ചെയ്യുന്നതിനായി '2210-05-200-95-35 (പ്ലാൻ)' എന്ന ശീർഷകത്തിനു കീഴിൽ 1 കോടി രൂപയുടെ ഭരണാമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ബിഡ് നോട്ടിഫിക്കേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് സെന്റേജ് ചാർജ്ജ് രേഖപ്പെടുത്തിയ കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ച ബിഡ് അംഗീകരിച്ചുകൊണ്ട് പ്രവൃത്തി ചെയ്യുന്നതിന് വർക്ക് ഓർഡർ നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്ന് ഇംഹാൻസ് ഡയറക്ടർ അറിയിച്ചിട്ടുള്ളതാണ്. പരാമർശം (2)ലെ ഉത്തരവു പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ തുക തീർപ്പാക്കുന്നതിന് ആവശ്യമായ 4,99,475/- രൂപ റിലീസ് ചെയ്തു നൽകിയിരുന്നു. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചതായി ഇംഹാൻസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചിട്ടുള്ളതാണ്. ഇംഹാൻസ്-ലെ ഓപ്പൺ ടെറസ് ഓഡിറ്റോറിയം ആക്കി മാറ്റുന്ന പ്രവൃത്തിയിൽ പ്ലാസ്റ്ററിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതാണെന്നും സൗണ്ട് പ്രൂഫിംഗ്, എയർ കണ്ടീഷണറുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടന്നു വരുന്നതുമാണെന്നും പരാമർശം (3)ലെ കത്ത് പ്രകാരം ഇംഹാൻസ്- ലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബോധിപ്പിച്ചിരുന്നു. പരാമർശം (4) പ്രകാരം കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് 24,99,637/-

രൂപയുടെ സി.സി. 2 & പാർട്ട് ബിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്ന് ഇംഹാൻസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ 'Remodeling the open terrace at IMHANS to an Auditorium' എന്ന പ്രവൃത്തിയുടെ ഭരണാനുമതി തുകയിൽ ബാക്കിയുള്ള 95,00,525/- രൂപയിൽ നിന്നും 24,99,637/- രൂപ '2210-05-200-95-35 (പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകാൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സർക്കാരിൽ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇംഹാൻസിൽ **'Remodeling the open terrace at IMHANS to an Auditorium'** എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ലഭ്യമാക്കിയിട്ടുള്ള രണ്ടാം പാർട്ട് ബില്ല് തീർപ്പാക്കുന്നതിനായി, **'2210-05-200-95-35 (പ്ലാൻ)'** ശീർഷകത്തിൽ നിന്നും **24,99,637/- രൂപ (ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി അറുന്നൂറ്റി മുപ്പത്തിയേഴ് രൂപ മാത്രം)** ഇംഹാൻസ്-ന് റിലീസ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ അനുവദിച്ച തുക റിലീസ് ചെയ്യുന്നതിന് മുൻപായി ബില്ലുകളുടെ കൃത്യത ഇംഹാൻസ് ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ (ഇൻ ചാർജ്), ഇംഹാൻസ്, കോഴിക്കോട്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത്-എ) വകുപ്പ് (നം.2743471/HLT-A3/54/2024-FIN തീയതി 06.06.2025 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/142/2023-HEALTH-Part(1) )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 12-06-2025 10:22:00
സെക്ഷൻ ഓഫീസർ